പ്രമുഖ ടാർ കമ്പനികൾ

329 (1386) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് പണികൾക്കാവശ്യമായ ടാർ നൽകുന്ന പ്രമുഖ കമ്പനികൾ ഏതൊക്കെയാണ്;

(ബി) റോഡ് പണികൾക്ക് ടാർ വാങ്ങിയ ഇനത്തിൽ സർക്കാർ ഏതെല്ലാം കമ്പനികൾക്ക് എത്ര കോടി രൂപ വീതം കൊടുത്ത് തീർക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ടാർ നല്കുന്നത് ഏതെങ്കിലും കമ്പനി നിർത്തി വച്ചതായി പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടുണ്ടോ ;

(ഡി) ടാർ ലഭിക്കാത്തത് മൂലം പൊതുമരാമത്ത് വകുപ്പ് ടെണ്ടർ ചെയ്ത വർക്കുകൾ മുടങ്ങിയ സാഹചര്യം നിലവിലുണ്ടോ ?

ഉത്തരം

(എ) ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ.), മാംഗ്ലൂർ റിഫൈനറി ആന്റ് പെട്രോകെമിക്കൽസ് ലിമിറ്റഡ് (എം.ആർ.പി.എൽ.) ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ.ഒ.സി.), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (എച്ച്.പി.സി.എൽ.) എന്നീ കമ്പനികളാണ് പൊതുമരാമത്ത് വകുപ്പിന് ടാർ നൽകുന്നത്.

(ബി) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ടാർ വാങ്ങിയ ഇനത്തിൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് 31-10-2014 വരെ 39.14 കോടി രൂപ നൽകാനുണ്ട്.

(സി) ടാർ നൽകുന്നത് ബി.പി.സി.എൽ. മുമ്പ് നിർത്തിവച്ചിരുന്നെങ്കിലും ഇപ്പോൾ ലഭ്യമാക്കുന്നുണ്ട്.

(ഡി) ഇല്ല.

മോണോറെയിൽ പദ്ധതി

330 (1387) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ നടപ്പാക്കുന്ന മോണോ റെയിൽ പദ്ധതിക്കുള്ള നിർമ്മാണ കരാർ ലേല നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) ഓരോ സ്ഥലത്തേയും പദ്ധതി ചെലവ് കണക്കാക്കപ്പെട്ടത് എത്ര കോടി വീതമായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ടെണ്ടർ വിളിച്ചത് ഏത് തീയതിയിലായിരുന്നു ; ടെണ്ടറിൽ പങ്കെടുത്ത കമ്പനികൾ എത്രയെണ്ണം ; അവ ഏതൊക്കെ ; ഇതിനകം എത്ര തവണ ടെണ്ടർ വിളിക്കുകയുണ്ടായിട്ടുണ്ട് ;

(ഡി) കേരള മോണോ റെയിൽ കോർപ്പറേഷൻ സർക്കാരിന് പ്രൊപ്പോസൽ നല്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ടെണ്ടർ കാര്യത്തിൽ സർക്കാർ സ്വീകരിച്ച അന്തിമ തീരുമാനം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) തിരുവനന്തപുരം മോണോറെയിൽ പദ്ധതിക്ക് 3590 കോടി രൂപയും കോഴിക്കോട് മോണോറെയിൽ പദ്ധതിക്ക് 1991 കോടി രൂപയുമാണ് പദ്ധതിച്ചെലവ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(സി) ആദ്യം 1-10-2013 തീയതിയിലും, പുനർ ദർഘാസ് 28-11-2013 തീയതിയിലും വിളിക്കുകയുണ്ടായി. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തത്. ഇതിനകം രണ്ടുതവണ ടെണ്ടർ വിളിച്ചിട്ടുണ്ട്.

(ഡി) ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, പദ്ധതിക്കുള്ള അടങ്കൽ തുകയേക്കാൾ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28-8-2014-ന് കൂടിയ പത്താമത് ബോർഡ് യോഗത്തിൽ, ടെണ്ടർ നിരസിക്കുകയും മോണോറെയിൽ പദ്ധതിക്ക് പകരം മറ്റേതെങ്കിലും മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായി നാല് ആഴ്ചയ്ക്കുള്ളിൽ വിശദ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തുകയും ചെയ്തു. വിശദമായ രൂപരേഖ സമർപ്പിച്ചത് സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) 28-8-2014-ന് കൂടിയ പത്താമത് കേരള മോണോ റെയിൽ കോർപ്പറേഷൻ ബോർഡ് യോഗത്തിൽ, മോണോറെയിൽ പദ്ധതി ഉപേക്ഷിക്കുന്നതിനും പകരം മറ്റൊരു മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായുള്ള വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. അതിൻപ്രകാരം ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ, ലൈറ്റ് മെട്രോ പദ്ധതിക്കുള്ള വിശദമായ രൂപരേഖ 8-10-14-ന് സമർപ്പിക്കുകയും 24-10-2014-ന് കൂടിയ പതിനൊന്നാമത് കേരള മോണോ റെയിൽ കോർപ്പറേഷൻ ബോർഡ് യോഗം പ്രസ്തുത രൂപരേഖ അംഗീകരിക്കുകയും ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ പദ്ധതിയുടെ നടത്തിപ്പിനായുള്ള turn-key കൺസൾട്ടന്റായി നിയമിക്കാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത ബോർഡ് യോഗ തീരുമാനപ്രകാരം ലൈറ്റ് മെട്രോ പദ്ധതി നടത്തിപ്പിൽ മുൻ പരിചയമുള്ള പന്ത്രണ്ട് കമ്പനികളുടെ യോഗം ഡോ. ഇ. ശ്രീധരന്റെ നേതൃത്വത്തിൽ 19-11-2014-ന് നടത്തുകയുണ്ടായി. ലൈറ്റ് മെട്രോ പദ്ധതിയുടെ വിശദമായ രൂപരേഖയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly